# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/190/2017 2017 സെപ്റ്റംബർ 11

## <u>പത്രക്കുറിപ്പ്</u>

**പരീക്ഷാഫലം**

2017 മാർച്ചിൽ നടത്തിയ മൂന്നാം പ്രൊഫഷണൽ എം.ബി.ബി.എസ്. പാർട്ട് രണ്ട് (സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്ക് സെപ്തംബർ 23 വരെ അപേക്ഷിക്കാം.

2017 മെയ് മാസത്തിൽ നടന്ന ആറാം സെമസ്റ്റർ ബി.ടെക് റെഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി - പുതിയ സ്കീം, പഴയ സ്കീം, മേഴ്സി ചാൻസ് - പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി. പുനഃപരിശോധനയ്ക്കും, സൂക്ഷ്മപരിശോധനയ്ക്കും സെപ്തംബർ 25നകം അപേക്ഷിക്കണം.

**എം.ടെക് പ്രവേശന പരീക്ഷ**

സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ 2017 - 2019 വർഷത്തേക്കുള്ള എം.ടെക് (കമ്പ്യൂട്ടർ സയൻസ് ആന്റ് ടെക്നോളജി) പ്രോഗ്രാമിന് അപേക്ഷിച്ചവർക്കുള്ള പ്രവേശന പരീക്ഷ സെപ്തംബർ 13-ാം തീയതി ഉച്ചയ്ക്ക് 1.30ന് സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ വച്ച് നടത്തും. ഫോൺ: 0481 - 2731037.

**ബി.എസ്.സി. സൂക്ഷ്മ പരിശോധന**

2016 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എസ്.സി. പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ തിരിച്ചറിയൽ രേഖകൾ സഹിതം സെപ്തംബർ 13 മുതൽ 16 വരെയുള്ള തീയതികളിൽ പുതിയ പരീക്ഷാഭവനിലെ ഇ.ജെ. 7 സെക്ഷനിൽ എത്തിച്ചേരേണ്ടതാണ്.

**പ്രോജക്ട് മൂല്യനിർണ്ണയവും വൈവാവോസിയും**

നാലാം സെമസ്റ്റർ എം.എസ്.സി. ബയോ സ്റ്റാറ്റിസ്റ്റിക്സ് മെയ് 2017 ഡിഗ്രി പരീക്ഷയുടെ പ്രൊജക്ട് മൂല്യനിർണ്ണയവും വൈവാവോസിയും സെപ്തംബർ 18, 19 തീയ്യതികളിൽ പാലാ സെന്റ് തോമസ് കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**ബി.എഫ്.ടി. ഓഫ് കാമ്പസ് പ്രാക്ടിക്കൽ (ദയവായി എല്ലാ എഡിഷനുകളിലും)**

2017 ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തിയ ഓഫ് കാമ്പസ് ബി.എഫ്.ടി. (2012, 2013 അഡ്മിഷനും 2014 മുതൽ അഡ്മിഷൻ സപ്ലിമെന്ററി, 2012ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ സെപ്തംബർ 15ന് ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്. വിദ്യാർത്ഥികൾ ഹാൾടിക്കറ്റും ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡുമായി രാവിലെ 8.30ന് പരീക്ഷാ കേന്ദ്രത്തിൽ ഹാജരാകണം.

**പ്രാക്ടിക്കൽ മാറ്റി**

സെപ്തംബർ 13ന് ആരംഭിക്കാനിരുന്ന ഒന്നും രണ്ടും വർഷ എം.എഫ്.എ. ജൂലൈ 2017 പരീക്ഷയുടെ പ്രാക്ടിക്കൽ മാറ്റി. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

**എം.ജി.യിൽ പ്രധാനമന്ത്രിയുടെ പ്രസംഗം വീക്ഷിക്കാൻ സൗകര്യമൊരുക്കി**

സ്വാമി വിവേകാനന്ദന്റെ ചിക്കാഗോ പ്രസംഗത്തിന്റെ 125-ാം വാർഷികം, പണ്ഡിറ്റ് ദീൻദയാൽ ഉപാധ്യായയുടെ ജന്മശതാബ്ദി എന്നിവയുടെ സംയുക്ത ആഘോഷങ്ങളോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രസംഗത്തിന്റെ

തൽസമയ സംപ്രേഷണം വീക്ഷിക്കുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സൗകര്യമൊരുക്കി. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ, പ്രോ വൈസ് ചാൻസലർ ഡോ. സാബു തോമസ്, രജിസ്ട്രാർ എം.ആർ. ഉണ്ണി, സർവ്വകലാശാലാ പഠന വകുപ്പ് മേധാവികൾ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. വിദ്യാർത്ഥികളെ തൊഴിലന്വേഷകർ എന്ന നിലയിൽ നിന്നും തൊഴിൽദാതാക്കളാക്കി മാറ്റണമെന്ന പ്രധാനമന്ത്രിയുടെ പ്രസംഗത്തിലെ നിർദ്ദേശം നടപ്പാക്കുമെന്ന് വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അറിയിച്ചു.
സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ കോളേജുകളിലും പ്രധാനമന്ത്രിയുടെ പ്രസംഗം തൽസമയം വീക്ഷിക്കുന്നതിനുവേണ്ട സൗകര്യമൊരുക്കണമെന്നുള്ള സർവ്വകലാശാലയുടെ കർശന നിർദ്ദേശം പാലിച്ചുകൊണ്ട് അഫിലിയേറ്റഡ് കോളേജുകളിലും പ്രധാനമന്ത്രിയുടെ പ്രസംഗത്തിന്റെ സംപ്രേഷണം തൽസമയം കാണുന്നതിന് സൗകര്യമൊരുക്കുകയും അദ്ധ്യാപകരും വിദ്യാർത്ഥികളും മുഴുനീളെ പരിപാടി വീക്ഷിക്കുകയും ചെയ്തു. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ വിവിധ നാഷണൽ സർവ്വീസ് സ്കീം യൂണിറ്റുകൾ വഴി നേരത്തെ 110ൽപ്പരം വിവേകാനന്ദ അനുസ്മരണ പ്രഭാഷണങ്ങൾ നടത്തിയിരുന്നു.

**അടിക്കുറിപ്പ്**

സ്വാമി വിവേകാനന്ദന്റെ ചിക്കാഗോ പ്രസംഗത്തിന്റെ 125-ാം വാർഷികം, പണ്ഡിറ്റ് ദീൻദയാൽ ഉപാധ്യായയുടെ ജന്മശതാബ്ദി എന്നിവയുടെ സംയുക്ത ആഘോഷങ്ങളോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രസംഗത്തിന്റെ തൽസമയ സംപ്രേഷണം വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ, പ്രോ വൈസ് ചാൻസലർ ഡോ. സാബു തോമസ്, രജിസ്ട്രാർ എം.ആർ. ഉണ്ണി, സർവ്വകലാശാലാ പഠന വകുപ്പ് മേധാവികൾ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയവർ വീക്ഷിക്കുന്നു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**